പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *134 16.03.2015 ലെ മറുപടിയ്ക്ക്

## രാസവളവും കീടനാശിനികളും ഉപയോഗിക്കുന്നതിന് നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ജലാശയങ്ങൾക്ക് സമീപം കാർഷികാവശ്യത്തിന് രാസവളവും വീര്യം കൂടിയ കീടനാശിനികളും ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) കാർഷികാവശ്യത്തിന് രാസവളവും കീടനാശിനിയും ശുപാർശ ചെയ്തിട്ടുള്ള അളവിൽ കൂടുതൽ ഉപയോഗിക്കരുതെന്ന നിയന്ത്രണം കാലാകാലങ്ങളിൽ കൃഷി ഓഫീസർമാർ കർഷകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) എങ്കിൽ ഇതിനായി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) ഇൻസെക്ടിസൈഡ്സ് ആക്ട് 1968 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്ത് കീടനാശിനി കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നത്. കൂടാതെ സർക്കാർ ഉത്തരവ് (എംഎസ്.) നം.22/2011/കൃഷി തീയതി 17-01-2011 പ്രകാരം കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വീര്യം കൂടിയ മാരകമായ 14 ഇനം കീടനാശിനികളുടെ ഉപയോഗം 07-05-2011- ലെ ജി. ഒ.(എംഎസ്.) നം.116/2011/കൃഷി ഉത്തരവു പ്രകാരം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ശുപാർശ ചെയ്തിട്ടുള്ള അളവിൽ മാത്രം കീടനാശിനി ഉപയോഗിക്കുന്നതിനും ജൈവിക കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ പരമാവധി ഉപയോഗിക്കുന്നതിനും കർഷകർക്ക് ബോധവൽക്കരണം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ